# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 773

11.06.2014 – ൽ മറുപടിയ്ക്ക്

## റാന്നി അങ്ങാടി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര താലൂക്ക് ആയുർവേദാശുപത്രികളാണുള്ളത് ; ഇവിടെ കിടത്തി ചികിത്സ നടക്കുന്നുണ്ടോ ; | (എ) | സംസ്ഥാനത്ത് 4 താലൂക്ക് ആയുർവേദ ആശുപത്രികളാണ് ഉള്ളത്.<br>1) താലൂക്ക് ആയുർവേദ ആശുപത്രി, പെരുമ്പാവൂർ - 30 കിടക്കകൾ<br>2) താലൂക്ക് ആയുർവേദ ആശുപത്രി, തളിപ്പറമ്പ് - 50 കിടക്കകൾ<br>3) താലൂക്ക് ആയുർവേദ ആശുപത്രി, സുൽത്താൻ ബത്തേരി - 50 കിടക്കകൾ<br>4) താലൂക്ക് ആയുർവേദ ആശുപത്രി, പയ്യോളി- 30 കിടക്കകൾ<br>ഈ 4 ആശുപത്രികളിലും കിടത്തി ചികിത്സയുണ്ട്. |
| (ബി) | സ്ഥല സൗകര്യമുള്ള ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളെ ഒരു താലൂക്കിൽ ഒന്ന് എന്ന നിരക്കിൽ താലൂക്ക് ആയുർവേദ ആശുപത്രികളായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | താലൂക്ക് ആയുർവേദ ആശുപത്രികളായി ഉയർത്തുന്നതിന് ആവശ്യമായ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമെന്നുള്ള ബന്ധപ്പെട്ട പഞ്ചായത്തിന്റെ തീരുമാനം സഹിതം ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | റാന്നി അങ്ങാടി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | റാന്നി അങ്ങാടി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് മേൽപ്പറഞ്ഞ പ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത് തലത്തിൽ ശുപാർശയും തീരുമാനവും ലഭിക്കുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ